(ബി) സർക്കാർ മേഖലയിലേയും സ്വകാര്യ മേഖലയിലേയും ചികിത്സാ നിരക്കുകൾ ചുവടെ ചേർക്കുന്നു :

| ഇനം | നിരക്ക് | |
|---|---|---|
| | സർക്കാർ മേഖല | സ്വകാര്യ മേഖല |
| ഫോളിക്കുലാർ സ്റ്റഡി | 100 രൂപ | 600 രൂപ മുതൽ 1,000 രൂപ വരെ |
| ബീജ പഠനം | 50 രൂപ | 100 രൂപ മുതൽ 300 രൂപ വരെ |
| ഇൻട്രായൂട്ടാറൈൻ ഇൻസെമിനേഷൻ | 100-500 രൂപ | 2,500 രൂപ മുതൽ 5,000 രൂപ വരെ |
| ഡോണർ സ്പേം | 500 രൂപ | 2,500 രൂപ |
| സ്പേം ബാങ്ക് | 500 രൂപ | 10,000 രൂപ |
| ലാപ്രോസ്കോപ്പി | 250 രൂപ | 25,000 രൂപ |
| രജിസ്ട്രേഷൻ ഫീസ് | 100 രൂപ | ... |

സർക്കാർ ആശുപത്രികളിലെ നിരക്ക് അതാത് ആശുപത്രികളിലെ ആശുപത്രി വികസന സമിതിയുടെ തീരുമാനത്തിന് വിധേയമായിരിക്കും.

എസ്.എ.ടി. ആശുപത്രിയിൽ നിലവിൽ എ.ആർ.ടി. സെന്ററിൽ ഈടാക്കി വരുന്ന ചാർജ്ജ് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) സർക്കാർ മെഡിക്കൽ കോളേജുകളിൽ ഇതിന്റെ പ്രാരംഭ നടപടിയെന്നോണം പി.എം.എസ്.എസ്.വൈ.-യുടെ കീഴിൽ 5 മെഡിക്കൽ കോളേജുകൾക്കായി 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതുപയോഗിച്ച് സെന്ററുകൾ സ്ഥാപിക്കുന്ന നടപടി പ്രാരംഭ ദിശയിലാണ്. എല്ലാ ജില്ലാ ആശുപത്രികളിലും വന്ധ്യതാ ക്ലിനിക് ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളായി ഉയർത്തൽ

**54 (746)** <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങളാണ് സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയതെന്ന് പറയുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയുടെ നിയോജകമണ്ഡലം തിരിച്ച പേരുകൾ ലഭ്യമാക്കുമോ ;

(സി) കാസർഗോഡ് ജില്ലയിലെ ഏതെങ്കിലും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ സാമൂഹ്യ ആരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ഡി)ജില്ലയിലെ ഏതെങ്കിലും സാമൂഹ്യാരോഗ്യകേന്ദ്രങ്ങൾ താലൂക്ക് ആശുപത്രികളാക്കി ഉയർത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഏഴ് (7)

(ബി) 1. സി.എച്ച്.സി. പള്ളിക്കൽ, വർക്കല, തിരുവനന്തപുരം

2. സി.എച്ച്.സി. ഊർങ്ങാട്ടിരി, ഏറനാട്, മലപ്പുറം

3. സി.എച്ച്.സി. കൂട്ടുമുഖം, ഇരിക്കൂർ, കണ്ണൂർ

4. സി.എച്ച്.സി. കോടഞ്ചേരി, തിരുവമ്പാടി, കോഴിക്കോട്

5. സി.എച്ച്.സി. അയർക്കുന്നം, പുതുപ്പള്ളി, കോട്ടയം

6. സി.എച്ച്.സി. വാകത്താനം, പുതുപ്പള്ളി, കോട്ടയം

7. സി.എച്ച്.സി. ചിറ്റാർ, കോന്നി, പത്തനംതിട്ട

(സി) ഉണ്ട്. 24x7 പി.എച്ച്.സി.കളായ പാണത്തൂർ, വെള്ളരിക്കുണ്ട് എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങളായി ഉയർത്തുന്നകാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഡി) ഇല്ല.

## സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ബോധവത്ക്കരണം

**55 (747)** ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവത്കരിക്കുന്നതിനുവേണ്ടി ഭക്ഷ്യസുരക്ഷാവകുപ്പ് എത്ര സ്കൂളുകളിലാണ് പരിശീലനം നല്കിയത് ; ജില്ലതിരിച്ച് വ്യക്തമാക്കാമോ ; ഇതിലൂടെ എത്ര കുട്ടികൾക്കാണ് പരിശീലനം നല്കിയത് ?

LIBRARY ARCHIVES Kerala Legislative Assembly